# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10)1119/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-30 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10)1119/2021 തീയ്യതി: 21/12/2021

## തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 14-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സീനത്ത് പി.എ.,ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ.എ.കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സ്റ്റാൻലി.പി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ.ഒ.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിജ്ജ.സി.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.എസ്. സുധൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| പഞ്ചായത്ത് ഭരണ നിർവ്വഹണ സമിതി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |
| ലത സഹദേവൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സീജോ കരേടൻ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. സന്തോഷ് കുമാർ. എം. ജി | സെക്രട്ടറി | 09-06-2020 | 05-03-2021 |
| ശ്രീമതി. രാജി. ഇ. അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 21-03-2021 |
| ശ്രീമതി. സുലേഖ. എ. ഐ. ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-03-2021 | 28-03-2021 |
| ശ്രീമതി. രാജി. ഇ. അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരിക എസ് | അസി.എഞ്ചിനീയർ | 01-04-2020 | 27-04-2020 |
| ശ്രീ ജോയ് പി ഒ | അസി.എഞ്ചിനീയർ | 28-04-2020 | 21-06-2020 |
| ശ്രീ രഞ്ജിത്ത് വി ആർ | ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മെൻ ഇൻ ചാർജ്ജ് | 22-06-2020 | 11-02-2021 |
| ശ്രീ സിജോ സിഎസ് | അസി.എഞ്ചിനീയർ ഇൻ ചാർജ്ജ് | 12-02-2021 | 14-02-2021 |
| ശ്രീമതി രുഗ്മിണി ടി വി | അസി.എഞ്ചിനീയർ | 15-02-2021 | 31-03-2021 |
| ഡോ. ലവീണ കെ. എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 16-04-2020 |
| ഡോ.ജയചന്ദ്രൻ കെ സി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 17-04-2020 | 31-03-2021 |
| ഡോ. നിമ്മി.എം.എ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.അനീഷ.പി.ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 28-01-2021 |
| സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ | 29-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഡോ.ടിറ്റ്സൺ പിൻ ഹീറോ | വെറ്ററിനറി സർജൻ | 01-04-2020 | 22-09-2020 |
| ഡോ.ഷൈമ | വെറ്ററിനറി സർജൻ | 23-09-2020 | 31-03-2021 |
| ശ്രീ. സചന പി സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗീത.എം.എം. | വി.ഇ.ഒ (പടിയൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ ഹന പി ഒ | വി.ഇ.ഒ (എടതിരിഞ്ഞി സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി. കാർത്ത്യായനി.കെ.വി | ഐ.സി.ഡി.എസ് സുപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺ പി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 09-06-2020 |
| ശ്രീ ഷെറിൻ പി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 28-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Sivadasan A K (Asst. Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivadasan A K (Asst. Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 10-11-2021) | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-10 |
| 11 | തൊഴിൽ നികുതി - എംപ്ലോയീസ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-11-1 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-11-2 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ താഴെചേർക്കുന്ന ഇനങ്ങളിൽ വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-11-3 |
| 14 | Deposit From Staff എന്ന ഇനത്തിൽ ഡി.സി.ബി പ്രകാരമുള്ള വിശദാംശങ്ങൾ താഴെചേർക്കുന്നു. ആയതിന്റെ കളക്ഷൻ, റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-11-4 |
| 15 | ലോൺ രജിസ്റ്റർ<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-11-5 |

| | | |
|---|---|---|
| 16 | സംയുക്ത പ്രോജക്ടുകളുടെ അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-11-6 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 26-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-11-7 |
| 18 | ശുചിത്വ മിഷൻ ഗ്രാന്റ് രസീപ്റ്റ് ആന്റ് പേമെന്റിൽ വരവ് വന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 10-11-2021) | 1-11-8 |
| 19 | വിവാഹ ധനസഹായം നൽകിയതിന്റെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 10-11-2021) | 1-11-9 |
| 20 | ലേലം-വരവ് ഫയൽ ലഭ്യമാക്കിയില്ല-രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-12 |
| 21 | മൽസ്യക്കാപ്പ് ലേലം -2019-20,2020-21 വർഷത്തെ ബാലൻസ് കിട്ടാനുള്ളത് 116300-<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-12-1 |
| 22 | ട്രേഡ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് തുക ഡിമാന്റ് ചെയ്യുന്നില്ല-ലിസ്റ്റ് അപൂർണ്ണം<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 08-12-2021) | 1-13 |
| 23 | വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസിൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 1-13-1 |
| 24 | പെർമ്മിറ്റ് -അപാകതകൾ<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-14 |
| 25 | FACTEOS ലൈസൻസെടുത്തവരുടെ അപേക്ഷകളിൽ കാണിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നു തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-15 |
| 26 | സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ചു നികുതി ഈടാക്കുന്നു<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-16 |
| 27 | തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല.<br>Written By: Niju.C.S (Auditor, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-17 |
| 28 | വീട്ടു വളപ്പിലെ പച്ചക്കറി കൃഷി. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കാതെ നേരിട്ട് ഏജൻസിക്ക് നൽകി.<br>Written By: Sivadasan A K (Asst. Audit Officer, On 27-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-18 |
| 29 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം. യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക തുക നൽകി.<br>Written By: Sivadasan A K (Asst. Audit Officer, On 27-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-19 |
| 30 | GST ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 29-07-2021) | 1-20 |

| | | |
|---|---|---|
| | Last Updated By: P.A.Seenath (Audit Officer, On 18-12-2021) | |
| 31 | സെന്റ് മേരീസ് പള്ളി പരിസരത്തെ വെള്ളക്കെട്ട് ഒഴിവാക്കൽ-ടെന്റർ കുറവ് കുറക്കാത്തത് മൂലം നഷ്ടം<br>Written By: P.A.Seenath (Audit Officer, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-21 |
| 32 | ജി.എസ്.ടിയിനത്തിൽ കരാറുകാരന് തുക അധികം നൽകി.209779 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P.A.Seenath (Audit Officer, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-22 |
| 33 | മരാമത്ത് പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-23 |
| 34 | എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പണിയും പൂർത്തീകരിക്കാതെ പ്രവൃത്തി അവസാനിപ്പിച്ചു.<br>Written By: P.A.Seenath (Audit Officer, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-24 |
| 35 | KCWWF കമ്മീഷൻ തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: P.A.Seenath (Audit Officer, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-25 |
| 36 | തെരുവു വിളക്ക് AMC നല്കൽ- പദ്ധതി അപാകതകൾ<br>Written By: Vidhya O.K (Senior Grade Auditor, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-26 |
| 37 | മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Stanley P S (Asst. Audit Officer, On 29-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-27 |
| 38 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-28 |
| 39 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം- ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-29 |
| 40 | തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകി.<br>Written By: P.A.Seenath (Audit Officer, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സെന്റ് മേരീസ് പള്ളി പരിസരത്തെ വെള്ളക്കെട്ട് ഒഴിവാക്കൽ-ടെന്റർ കുറവ് കുറക്കാത്തത് മൂലം 31430 രൂപ നഷ്ടം<br>Written By: P.A.Seenath (Audit Officer, On 30-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 3-1 |
| 2 | മരാമത്ത് പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 01-10-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 3-2 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 23-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 25-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 25-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 25-07-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.A.Seenath (Audit Officer, On 25-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: P.A.Seenath (Audit Officer, On 25-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 25-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Seenath (Audit Officer, On 25-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 25-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.A.Seenath (Audit Officer, On 28-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 16-11-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Seenath (Audit Officer, On 27-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 27-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Seenath (Audit Officer, On 27-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 09-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Seenath (Audit Officer, On 27-07-2021)<br>Last Updated By: P.A.Seenath (Audit Officer, On 18-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

പഞ്ചായത്ത് ജനറൽ കമ്മറ്റി 27.03.20 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.02.21 തീയതിയിലെ 1ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് 139569095/- രൂപയും ചെലവ് 136347438/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31-07-21 | 17-06-21 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5869214 |
| വരവ് | 66898390 |
| ആകെ | 72767604 |
| ചെലവ് | 66152888 |
| നീക്കിയിരുപ്പ് | 6614716 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ (ACR പ്രകാരം) താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ഇല്ല | 17444039 | 17444039 | 16464160 | 979879 | |
| വികസന ഫണ്ട് (SCP) | ഇല്ല | 6750118 | 6750118 | 5828041 | 922077 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | ഇല്ല | 4170000 | 4170000 | 994195 | 3175805 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 8469052 | 8469052 | 7602681 | 866371 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ഇല്ല | 5134000 | 5134000 | 5125641 | 8359 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ഇല്ല | 3456681 | 3456681 | 3013925 | 442756 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 176 | 96203477 | 137 | 52004594 | 15 | 24 | 54.05% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 408234 | 1095285 | 1503519 | 1495775 | 7744 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20424611 | 20424611 | 20424611 | 0 |

## 1-7 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2021 തിയതിയിൽ 3.29 PM ന സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3722/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7397500 | 495 |
| വിധവാ പെൻഷൻ | 10367100 | 679 |
| വാർദ്ധക്യകാലപെൻഷൻ | 23055000 | 1526 |
| വികലാംഗപെൻഷൻ | 3736300 | 241 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 826200 | 56 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-9 ആഭ്യന്തരനിയന്ത്രണം

1) പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ, തീയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ഇത്തരം മോണിറ്ററിങ്ങ് നടത്തിയതായി കാണുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സ് ക്ലോസ്സ് ചെയ്യുന്നില്ല.
2) റോഡ് കണക്ടിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല.
3) ക്യാഷ് ബുക്ക്, ഡേ ബുക്ക് അതാത് ദിവസം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4) തൊഴിലുറപ്പ് പദ്ധതി പ്രകാരം കരാറുകാർക്ക് തുക നൽകുമ്പോൾ ടി.ഡി.എസ്. കുറവ് ചെയ്യുന്നില്ല.
5) വേക്കൻസി റെമിഷൻ, എക്സ് സർവ്വീസ് മെൻ എക്സംഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.01.21-20.01.21 | ഏപ്രിൽ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 19.07.2010 മുതൽ 31.7.2010 വരെ | 2004 -05 മുതൽ 2009 -10 വരെ | 31.08.2010 |

## 1-11-1 തൊഴിൽ നികുതി - എംപ്ലോയീസ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി - എംപ്ലോയീസ്- വാർഷിക കണക്കും രജിസ്റ്ററിലെ സംക്ഷിപ്തവും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി. രജിസ്റ്റർ പ്രകാരം | 662410 | 662410 | 0 |
| വാർഷിക കണക്ക് പ്രകാരം | 662410 | 633810 | 0 |

2020 -21 സാമ്പത്തിക വർഷത്തിലെ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 98230/- രൂപ കടിശ്ശികയിനത്തിൽ ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കിലെ ഡിമാന്റിലോ ബാലൻസിലോ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-2 രജിസ്റ്ററുകളുടെ പരിപാലനം

പെർമിറ്റ് രജിസ്റ്റർ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

കെട്ടിടങ്ങളുടെ ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലേലം ഡി.സി.ബി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11-3 ഡെപ്പോസിറ്റ് രജിസ്റ്ററിൽ താഴെചേർക്കുന്ന ഇനങ്ങളിൽ വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| 340109901- Other Deposits | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| രജിസ്റ്റർ പ്രകാരം | 5005 | 5005 |
| വാർഷിക കണക്ക് പ്രകാരം | 5005 | 1965 |

## 1-11-4 Deposit From Staff എന്ന ഇനത്തിൽ ഡി.സി.ബി പ്രകാരമുള്ള വിശദാംശങ്ങൾ താഴെചേർക്കുന്നു. ആയതിന്റെ കളക്ഷൻ, റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| Deposit Received (As Per R/p Statement) | 4781 |
| Refund (As Per R/p Statement) | 9500 |
| Balance As Per B/sheet | 13001 |

## 1-11-5 ലോൺ രജിസ്റ്റർ

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികകണക്കിലെ ലോൺ ബാലൻസ് പരിശോധന പൂർത്തിയാക്കാനായില്ല.

## 1-11-6 സംയുക്ത പ്രോജക്ടുകളുടെ അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അപ്രോപ്രിയേഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ സംയുക്ത പ്രോജക്ടിന്റെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കൃത്യത പരിശോധിക്കാനായില്ല.

## 1-11-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തിരജിസ്റ്റർ കാലികമല്ല. മാത്രമല്ല വാർഷികകണക്കിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ശരിയായ വിവരശേഖരണം നടന്നു കാണുന്നില്ല
ഉദാ. 2019-20 വർഷത്തെ ബാലൻസ് ഷീറ്റിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ 23740668 രൂപയാണ്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും ഈയിനത്തിൽ ഇതേ തുക തന്നെ ചേർത്തിരിക്കുന്നു.

## 1-11-8 ശുചിത്വ മിഷൻ ഗ്രാന്റ് രസീപ്റ്റ് ആന്റ് പേമെന്റിൽ വരവു വന്നില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ആകെ 280000 രൂപയാണ്. എന്നാൽ രസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരം വരവ് 140000 രൂപ മാത്രമാണ്.

## 1-11-9 വിവാഹ ധനസഹായം നൽകിയതിന്റെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വിധവകളുടെ മക്കൾക്ക് ധനസഹായം ഇനത്തിൽ BIMS അലോട്ട്മെന്റായി 30.03.2021 തീയതിയിൽ 2,10,000/- രൂപ 2235-02-198-50-00-00-00 -N-V ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ടി തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-12 ലേലം-വരവ് ഫയൽ ലഭ്യമാക്കിയില്ല-രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല

മിസലേനിയസ് സെയിൽ എന്നയിനത്തിൽ 6000 രൂപയും സെയിൽ ഓഫ് വേസ്റ്റ് പേപ്പർ എന്നയിനത്തിൽ 913 രൂപയും തൻവർഷം ധനകാര്യപത്രിക പ്രകാരം വരവുണ്ട്. എന്നാൽ ഈ വരവ് സംബന്ധിച്ച വിവരങ്ങൾ ലേലം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഫയൽ

ലഭ്യമാക്കുവാനുള്ള ഓഡിറ്റ് അന്വേഷണത്തിനു (നം 19/22.7.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12-1 മൽസ്യക്കാപ്പ് ലേലം -2019-20,2020-21 വർഷത്തെ ബാലൻസ് കിട്ടാനുള്ളത് 116300-

2020 -21 വർഷത്തെ ലേലവുമായി ബന്ധപ്പെട്ട് ഫയൽ, രജിസ്റ്റർ, ഭരണസമിതി തീരുമാനം എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

2020-21ൽ വിവിധ മത്സ്യകാപ്പുകളുടെ ലേലങ്ങൾ 620550/-രൂപയ്ക്ക് അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഡി.സി.ബി. പത്രിക പ്രകാരം ഈയിനത്തിൽ 115000 രൂപ തൻവർഷകുടിശ്ശിക ഉണ്ട്. മുൻവർഷത്തെ ലേലകുടിശ്ശിക 1300 രൂപ വരുന്ന മൽസ്യകാപ്പ് ലേലം ഉൾപ്പെടെ കുടിശ്ശികയുള്ള എല്ലാ ലേലങ്ങളുടെയും പരിശോധനയിൽ ലേലം എടുത്തവർക്കെതിരെ RR നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും അവരുമായി കരാർ വെച്ചതായി കാണുന്നില്ല. അംഗീകൃത ലേലം ബൈലോ സൂക്ഷിച്ചിട്ടില്ല. ലേല നോട്ടീസിൽ പറയുന്ന നിബന്ധനകൾ ആണ് സാധാരണ കരാർ ഉടമ്പടിയിൽ കാണിച്ചുവരുന്നത്. ക്വട്ടേഷൻ വഴി ലേലം നേടി കരാർ വെച്ചവരിൽ നിന്നും മുഴുവൻ തുകയും പിരിഞ്ഞുകിട്ടിയിട്ടുമുണ്ട്. പഞ്ചായത്തിനു നഷ്ടമുണ്ടാകാത്ത വിധം ഒരു നിശ്ചിത ശതമാനം തുക സെക്യൂരിറ്റി നിക്ഷേപമായി ലേലം കൈകൊള്ളുമ്പോൾ തന്നെ സ്വീകരിക്കേണ്ടതും ആയത് കരാറിൽ കാണിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് കരട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് തുക ഡിമാന്റ് ചെയ്യുന്നില്ല-ലിസ്റ്റ് അപൂർണ്ണം

സഞ്ചയയിലുള്ള നോൺറസിഡൻഷ്യൽ കെട്ടിടങ്ങൾ ഉൾപ്പെടുത്തിയാണ് ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ കെട്ടിട ഉടമകളുടെ വിവരം ഉണ്ടെങ്കിലും സ്ഥാപനം നടത്തുന്നവരുടെ സ്ഥാപന തരം ഉൾപ്പെടെയുള്ള വിവരം ലൈസൻസ് രജിസ്റ്റർ പ്രകാരം ചേർത്തിട്ടില്ല.

ലിസ്റ്റിലെ മറ്റു പ്രധാന അപാകതകൾ

1) നിലവിൽ ലൈസൻസാവശ്യമില്ലാത്ത കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു (വിദ്യാഭ്യാസം, ക്ഷേത്ര ഓഫീസ്, മദ്രസ്സ ഉൾപ്പെടെ)

ഉദാ:-4/54 തർബ്ബിയത്തുൾ ഇസ്ലാം മദ്രസ്സ.

2) ലൈസൻസെടുത്തതും ലൈസെൻസെടുക്കാത്തതുമായ ചില കെട്ടിടങ്ങൾ ലിസ്റ്റിലെ കെട്ടിടങ്ങളിലായി ഉൾപ്പെട്ടു കാണുന്നില്ല.

ഉദാ:-1/375 A,B (ലൈസൻസ് ഉണ്ട്), 3/6/A, 5/355A, 7/174, 12/66A, 12/189, 12/298, 13/91, 13/97, 13/125

3) വാർഡ് തല ഫീൽഡ് പരിശോധന നടത്തി ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും വാർഡ് തല ലിസ്റ്റ് തയ്യാറാക്കുമ്പോൾ പുതിയ കെട്ടിടങ്ങളുടെ ഉപ ലിസ്റ്റും ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഉപ ലിസ്റ്റും വാർഡ് മാറ്റ ഉപ ലിസ്റ്റും ഒപ്പം തയ്യാറാക്കി വാർഡ് സംക്ഷിപ്തം കൂടി തയ്യാറാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 41/28.7.21)

## 1-13-1 വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസിൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 2020-21-വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വിവിധ വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന 24 കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല.

വ്യവസായം-കൈത്തറി ഷെഡ് മുതലായവ

കെട്ടിട നം 1/297,1/460,7/85,7/284,8/428,9/25A,10/315,11/135,11/307,11/348,12/189,12/298,13/3,4,5UA,13/8,9 UA,13/67,13/91,13/97,13/125,13/174,13/287,13/289,13/291,14/3914/142,14/383

ഇതര വ്യവസായം

കെട്ടിട നം 1/109,1/309A,2/101A,2/209B,2/214,2/236,2/262,2/324,2/362,2/414A,2/6/A,3/16A,3/47,3/303,4/130A,4/206,4/229,230,4/261,5/123A,5/183,5/355A,6/137A,6/281,7/174,7/180A,8/1,8/262,263,8/416C,D,10/31,10/198,10/367,11/8A,12/66A,12/312,12/330,12/398,13/101,13/114,14/57,14/119.

ഫീൽഡ് ക്ലർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്. ലൈസൻസെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിച്ചു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-14 പെർമ്മിറ്റ് -അപാകതകൾ

2020 -21 ലെ താഴെ പറയുന്ന പെർമ്മിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നോൺറസിഡൻഷ്യൽ കെട്ടിടങ്ങളുടെ പ്ലാനിൽ അപ്രൂവൽ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

1) H 2362/20 Dt 14.7.20 - ശിവദാസൻ എ എ

2) H-145/21 Dt 6.1.21 – സജീവൻ

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും (ഓഡിറ്റ് അന്വേഷണം നം. 45/28.7.21) ആവർത്തിക്കാതിരിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 FACTEOS ലൈസൻസെടുത്തവരുടെ അപേക്ഷകളിൽ കാണിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നു തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

2020 -21 സാമ്പത്തിക വർഷത്തിൽ 232 ട്രേഡ് /സ്ഥാപനങ്ങളുടെ തൊഴിൽനികുതിയും 241 FACTEOS ലൈസൻസ് അനുബന്ധ ഫീയുമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. മുൻവർഷത്തിൽ 258 ട്രേഡ് /സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റ് ഉണ്ടായിരുന്നു. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് ചെയ്തു കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| കെട്ടിട നം | സ്ഥാപന പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1/307A | സായ് ഫേഷൻസ്(27HP) | 6 |
| XIII/103 | ലൂവിസ്റ്റോ വുഡ് | 4 |
| X/349 | ശ്രാവതി ആയുർവ്വേദ സെന്റർ | 3 |
| XII/326A | നീതു വുഡൻ ഫർണ്ണീച്ചർ വർക്ക്സ് | 6 |
| XII/327,328,329,330 | മേനോൻ ഓയിൽ ഇൻഡസ്ട്രീസ് | 3 |
| XIII/133 | KPL OIL | 7 |
| X/363,364,365,366,367,368 | ശങ്കർ കോക്കനട്ട് | 5 |
| XIII/166 | ഉദയ ടൈൽസ് | 6 |

ഇപ്രകാരം ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ തൊഴിലുടമയിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം, സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ലിഖിതമായ ലിസ്റ്റ്, അവരുടെ വരുമാന പത്രിക സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ് (ഓഡിറ്റ് അന്വേഷണം നം. 41/28.7.21)

## 1-16 സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ച നികുതി ഈടാക്കുന്നു

2020 -21 – വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന 10 വ്യാവസായിക കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| കെട്ടിട നം | FACTEOS No | പേര് | സ്ഥാപനം |
|---|---|---|---|
| 1/113 | 49 | ഫൈസൽ | അലുമിനിയം ഫർണ്ണീച്ചർ നിർമ്മാണം |
| 4/417C | 195 | വിനീത സജീവൻ എടച്ചായി | ഡ്രസ്സ് നിർമ്മാണം |
| 3/32 | 73 | ഷിബു തിരുത്തിപറമ്പിൽ Etc | ഫ്ളവർ മിൽ |
| 5/365A | 63 | ഉണ്ണികൃഷ്ണൻ വലിയാട്ടിൽ | ഗേറ്റ്,ഗ്രിൽ നിർമ്മാണം |
| 1/194 | 80 | നിജേഷ് പുളിക്കൽ | അലുമിനിയം ഫാബ്രിക്കേഷൻ |
| X/369 | 24 | ശ്രീധരൻ K K | ഫ്ളവർ മിൽ |
| XII/318 | 39 | IKശിവകുമാരൻ | ഓട്ടോമൊബൈൽ ഷോപ്പ് |
| X/70 | 41 | യൂസഫ് N H | ഫ്ളവർ മിൽ |
| XI/206 | 128 | ഉണ്ണികൃഷ്ണൻ C M | ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് |
| XIV/2 | 29 | ജയ്സൻ ഐനിക്കൽ | ഫ്ളവർ മിൽ |

മേൽപ്പറഞ്ഞ 10 കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമായി G1, G2, MSME എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി

പരിഷ്കരിക്കേണ്ടതുമാണ്.

## 1-17 തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ

1) വസ്തുനികുതി

ചെറിയ തറ വിസ്തീർണ്ണത്തിൽ (100 ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100 ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 200 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോട്ടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ടി ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപയാണെങ്കിലും പഞ്ചായത്ത് അത്തരത്തിലുള്ള ഒരു കെട്ടിടത്തിനു പോലും ഇപ്രകാരം നികുതി നിർണ്ണയം നടത്താതെ മുകളിൽ പറഞ്ഞ പ്രകാരം ആണ് കണക്കാക്കിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു.70 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാവുന്നതാണ്

2) തൊഴിൽ നികുതി

-ഡി& ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്ററ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും,തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

-ARD സ്ഥാപന ജീവനക്കാരെയും പഞ്ചായത്ത് പൊതുമരാമത്ത് കരാറിലേർപ്പെട്ട് എന്നാൽ മറ്റു പഞ്ചായത്തുകളിൽ നികുതി അടക്കാത്ത കരാറുകാരെയും അഭിഭാഷകരെയും ഉൾപ്പെടുത്തി ഡിമാന്റ് ചെയ്യേണ്ടതാണ്.

-വിവിധ ഫാമുകൾ നടത്തുന്നവരിൽ നിന്നും (ഉദാ-ഡയറി ഫാം ഇൻസ്റ്റകൂർ പാലിനു സബ്സിഡിയിനത്തിൽ 8 ലക്ഷം ഗുണഭോക്താക്കൾക്ക് തൻവർഷം തുക കൈമാറിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് പ്രകാരം കൂടുതൽ പാലളന്ന ഫാമുടമകളിൽ നിന്നു തൊഴിൽ നികുതി ഈടാക്കാവുന്നതാണ്)

തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതാണ്.

3) FACTEOS ലൈസൻസ്

സഞ്ചയയിൽ നിന്നെടുത്ത പരിഷ്കരിച്ച ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഫീൽഡ് പരിശോധന നടത്തി ലൈസൻസെടുക്കാത്തവരിൽ നിന്ന് (ഓൺലൈൻ വ്യാപാരമുൾപ്പെടെ) ലൈസൻസെടുക്കാൻ ആവശ്യപ്പെടാവുന്നതാണ്.

4) വിവാഹരജിസ്ട്രേഷൻ പോലുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്.

## 1-18 വീട്ടു വളപ്പിലെ പച്ചക്കറി കൃഷി. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കാതെ നേരിട്ട് ഏജൻസിക്ക് നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ. കൃഷി ഓഫീസർ.

പ്രോജക്ട് നമ്പർ. 151/20-21

വൗച്ചർ നമ്പർ. 22000832 / 27-10-2021

പ്രോജക്ടിന്റെ ഭാഗമായി ആകെ 155098 രൂപയുടെ ഗ്രോബാഗ്, വെർമി കംപോസ്റ്റ്, വെജിറ്റബിൾ സീഡ് ലിംഗ്സ് എന്നിവ റെയ്ഡ്കോ കേരള ലിമിറ്റഡിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ആകെ ചെലവായ 155098 രൂപയിൽ 120000 രൂപ പൊതു വിഭാഗം പദ്ധതി വിഹിതവും ബാക്കി 35098 രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതിന്റെ രസീതിയായി റെയ്ഡോകോയുടെ ബിൽ നമ്പർ. 1505/21-01-21 നൽകിയിട്ടുണ്ട്. എന്നാൽ 35098 രൂപ പഞ്ചായത്തിൽ അടച്ച് കണക്കിൽ വരുത്താതെ നിർവ്വഹണോദ്യോഗസ്ഥൻ റെയ്ഡ്കോ കേരളയ്ക്ക് നേരിട്ട് നൽകുകയാണ് ഉണ്ടായത്. ഇതു മൂലം മേൽ സംഖ്യ പഞ്ചായത്ത് കണക്കിൽ ഉൾപ്പെടാതെ പോയി. സ.ഉ(കൈ)നം.23/2018/തസ്വഭവ തിയ്യതി.14/02/2018 ഖണ്ഡിക 2.6 പ്രകാരം ഉത്പാദനോപാധികൾ

വാങ്ങി നൽകുന്ന പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 34/27-07-21ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

## 1-19 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം. യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക തുക നൽകി.

പ്രോജക്ട് നമ്പർ. 215/21

നിർവ്വഹണോദ്യോഗസ്ഥൻ. വി.ഇ.ഒ പടിയൂർ സർക്കിൾ

ഫണ്ട് - സ്വച്ച് ഭാരത് മിഷൻ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്.

ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണത്തിന് ശുചിമുറി ഉൾപ്പെടെ മുഴുവൻ ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് നാല് ലക്ഷം രൂപയാണ്. എന്നാൽ ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം എന്ന പ്രോജക്ടിലുൾപ്പെടുത്തി പടിയൂർ ഗ്രാമ പഞ്ചായത്തിൽ 20-21 വർഷം, മുൻപ് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമാണം പൂർത്തിയാക്കിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ശുചിമുറി നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ധനസഹായം അനുവദിച്ചപ്പോൾ അത് നാല് ലക്ഷം എന്ന യൂണിറ്റ് കോസ്റ്റിന് മുകളിലായാണ് അനുവദിച്ചത് എന്നു കാണുന്നു. ഇപ്രകാരം ധനസഹായം അനുവദിച്ചതിന്റെ സാധുത എന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 21.07.2018 തിയ്യതിയിലെ 334/ ഡി.സി/1/18 / തസ്വഭവ Dt 21.07.2018 ഉത്തരവ് ഖണ്ഡിക 1 ലെ വ്യവസ്ഥകൾ ഹാജരാക്കുകയുണ്ടായി. വെളിയിട വിസർജ്ജന മേഖല സുസ്ഥിരമായി നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതിയിലെ ബി.പി.എൽ , എസ്.എസി, എസ്.ടി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കാൻ പെർഫോർമൻസ് ഇൻസെന്റീവ് തുക ഉപയോഗിക്കാം എന്നാണ് ഉത്തരവിൽ ഉള്ളത്. എന്നാൽ ഇപ്രകാരം തുക അനുവദിക്കുമ്പോൾ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് നൽകാം എന്ന് ഉത്തരവിലില്ല. ആയതിനാൽ ഈ പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് മാത്രം കുറച്ച് ഗുണഭോക്താക്കൾക്ക് അധിക ആനുകൂല്യം കിട്ടി എന്ന് കണക്കാക്കാനേ കഴിയൂ. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തത വരുത്തേണ്ടതാണ്. സർക്കാരിന്റെ സാധൂകരണം ലഭ്യമാകുന്നതു വരെ ആകെ 48000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ വിവരങ്ങൾ |
|---|---|---|---|
| 1 | മണി.സി.കെ | 12000 | Ch.No. 446050/31-03-21(total Bill Amount. 62000) |
| 2 | അനഘ.സി.എസ് | 12000 | Ch.No.446047/ 29-03-21 |
| 3 | അംബിക | 12000 | (Total Bill Amount 151000) |
| 4 | ഷീബ.സി.ബി | 12000 | |
| ആകെ | | 48000 | |

## 1-20 GST ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

2020-21 വർഷം നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000 രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നൽയിട്ടുമായ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അളവ് പുസ്തകം | ജി.എസ്.ടി ഉൾപ്പെടെ പ്രവൃത്തി | ജി.എസ്.ടി | കരാറുകാരൻ |
|---|---|---|---|---|---|---|

| | | | | മൂല്യം | | |
|---|---|---|---|---|---|---|
| 1 | 114/21 | പത്തനങ്ങാടി റോഡ് കാന നിർമ്മാണം | 107/19-20 | 124837 | 13375 | ബാബു.സി.എഫ്. |
| 2 | 139/21 | 110ാംനമ്പർ അംഗനവാടി നടപ്പാത നിർമ്മാണം | 126/19-20 | 165637 | 17747 | ബാബു ഐസക്ക് |
| 3 | 178/21 | സ്കൂൾ വെസ്റ്റ് റോഡ് കോൺക്രീറ്റിങ്ങ്& സൈഡ് പ്രൊട്ടക്ഷൻ | 108/20-21 | 193085 | 20687 | ടി.പി.ജോയ് |
| 4 | 53/21 | കല്ലന്തറ പടന്നക്കാട് റോഡ് കോൺക്രീറ്റിങ്ങ് | 107/20-21 | 123795 | 13264 | ജയ്സൺ.എം.ഡി. |
| 5 | 55/21 | വില്ലേജ് കോളനി റോഡ് കോൺക്രീറ്റിങ്ങ് | 106/20-21 | 96588 | 10349 | ജയ്സൺ.എം.ഡി. |
| 6 | 54/21 | മഹാത്മ റോഡ് കോൺക്രീറ്റിങ്ങ് | 105/20-21 | 58980 | 6319 | ജയ്സൺ.എം.ഡി. |
| 7 | 86/21 | കോതേറ്റിപ്പാടം റോഡ് റീ-ടാറിങ്ങ് | 249/21, 224/21 | 145313 | 15569 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 8 | 180/21 | മാനസ അംഗനവാടി റോഡ് കോൺക്രീറ്റിങ്ങ് & സൈഡ് പ്രൊട്ടക്ഷൻ | 248/21 | 110350 | 11823 | ബാബു ഐസക്ക് |
| 9 | 89/21 | വൈക്കം നോർത്ത് വെസ്റ്റ് റോഡ് മെയിന്റനൻസ് | 143/20-21 | 47407 | 5079 | രാജേഷ്.സി.എ. |
| 10 | 146/21 | ആയുർവ്വേദാശുപത്രി നവീകരണം | 265/21 | 128043 | 13719 | ജോയ്.ടി.പി |
| 11 | 83/21 | തേമാലിത്തറ റോഡ് റീ-ടാറിങ്ങ് | 133/20-21 | 98781 | 10584 | ജയ്സൺ.എം.ഡി. |
| 12 | 213/21 | കണ്ണഞ്ചിറ റോഡ് റീ-ടാറിങ്ങ് | 244/21 | 139601 | 14957 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 13 | 36/21 | കെട്ടുചിറ ബണ്ട് | 129/20-21 | 60772 | 6511 | ജയ്സൺ.എം.ഡി. |
| 14 | 93/21 | ഭഗവതി വിലാസം റോഡ് റീ-ടാറിങ്ങ് | 241/21 | 139563 | 14953 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 15 | 75/21 | സരിത വെസ്റ്റ് റോഡ് റിടാറിങ്ങ് | 229/21 | 149904 | 16061 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 16 | 95/21 | കുത്തുമാക്കൽ കാക്കതിരുത്തി റോഡ് റിടാറിങ്ങ് | 227/21 | 249229 | 26703 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 17 | 68/21 | മേരിജോർജ്ജ് പെരേര റോഡ് റിടാറിങ്ങ് | 231/21 | 148464 | 15907 | ലെൻസ്റ്റോൺ എഞ്ചിനീയേഴ്സ്&കോൺട്രാക്ടേഴ്സ്,ഇരിഞ്ഞാലക്കട |
| 18 | 102/21 | അംഗനവാടി നവീകരണം | 121/20-21 | 136237 | 14597 | ജയ്സൺ.എം.ഡി. |
